# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോറോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.കെ.ഡി.പി4/1859/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോറോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.കെ.ഡി.പി4/1859/2023 തീയ്യതി: 20/12/2023

## കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 24-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 02-12-2023 |
| ശ്രീ. ബാബു റിയാസുദ്ദീൻ | ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്ജ് ഓഫ് ഡെപ്യൂട്ടി ഡയറക്ടർ | 03-12-2023 | 05-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 05-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. ലത. ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അനൂപ്. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ (25.11.2023)

ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ (04.12.2023 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.പി. ചന്ദ്രശേഖരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. നിഷ. എൻ. തയ്യിൽ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുധീർ. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. സുനിത. പി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. വിപിൻകുമാർ. ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. വിനീത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഡെയ്സി ഗോരേ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. അപർണ മാധവൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. സീന. പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ബാബു. എം | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രതിഭ. ടി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീജിത്ത്. സി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. നൌഷാദ്. കെ.വി | കൃഷി ഓഫീസർ | 01-04-2022 | 02-03-2023 |
| ശ്രീ. അതുൽ. വി | കൃഷി ഓഫീസർ | 03-03-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ് - പലിശ തുക വരവ് വെച്ചില്ല | 1-1-4 |
| 6 | ചെലവ് പത്രികയിലെ ആകെ ചെലവും വാർഷിക കണക്കിലെ ആകെ ചെലവും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വരവ് തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി | 1-1-6 |
| 8 | വായ്പ വിവരങ്ങൾ, വാർഷിക കണക്ക്, ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഇ -ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | ക്ഷേമപദ്ധതികൾ | 1-6 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 17 | ടാക്സ് ഓഡിറ്റ് | 1-9 |
| 18 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1- 10 |
| 19 | 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതി അടിസ്ഥാനത്തിലുള്ള നിയമപ്രകാരമായ നികുതി വർദ്ധനവ് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല | 1-11 |
| 20 | ആർ ടാക്ക് ഡാറ്റ കളക്ഷൻ ആറ്റ് പ്രൊസസിംഗ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1- 12 |
| 21 | ബെലിയിങ്ങ് മെഷീൻ നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. | 1-13 |
| 22 | വിവിധ ഏജൻസികൾക്ക് തുക കൈമാറി-വിനിയോഗ വിവരം ലഭ്യമല്ല. | 1-14 |
| 23 | അതിദരിദ്രം പെട്ടിക്കട -പ്രവർത്തിക്കുന്നില്ല | 1-15 |
| 24 | ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ– മുഴുവൻ മരുന്നും ലഭ്യമായില്ല. | 1-16 |
| 25 | പൊതുമരാമത്ത് പ്രവൃത്തികൾ - കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചില്ല | 1- 17 |
| 26 | ടേക്ക് - എ ബ്രേക്ക് നടത്തിപ്പ് - തുടർനടപടികൾ | 1-18 |
| 27 | ചോറോട് എഫ്.എച്ച്.സിയിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ് | 1- 19 |
| 28 | അഗതിരഹിത കേരളം - പദ്ധതി നടത്തിപ്പ് - മോണിറ്ററിംഗ് ഫലപ്രദമല്ല | 1- 20 |
| 29 | അംഗീകൃത ഗുണഭോക്തൃ ലിസ്റ്റില്ലാതെ വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ചു. | 1-21 |
| 30 | ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല | 1-22 |
| 31 | മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായ കെട്ടിടമില്ല | 1- 23 |
| 32 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭ്യമായ തുക മുഴുവനും ബാങ്ക് ചാർജ്ജിനത്തിൽ ബാങ്ക് തന്നെ ഈടാക്കി | 1-24 |
| | ഭാഗം 2 | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 1/1(1)/2023 ലെ തീരുമാനം പ്രകാരം തയ്യാറാക്കി 04.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചോറോട് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11750207/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,77,36,186/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്

**1-1-3 ഡിമാന്റ് എൻട്രി കൃത്യമായി രേഖപെടുത്തുന്നില്ല**

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ഉൾപ്പെടുത്തേണ്ടതാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/22 മുതൽ 31/03/2023 വരെ അസ്സസ്സ് ചെയ്യപ്പെട്ട കെട്ടിടങ്ങളുടെ ഡിമാന്റ് തുക എന്നിവ 3 തവണയായി (18.01.23,08.02.23,31/03/2023) മാത്രം രേഖപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു തന്നെ സാംഖ്യ കണക്കുകളിലെ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി-യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

**1-1-4 സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റ - പരിശ തുക വരവ് വെച്ചില്ല**

സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റിൽ വരവിലും നീക്കിയിരിപ്പിലും പലിശയിനത്തിൽ 31/10/2022 ൽ ലഭ്യമായ 60123/-രൂപ ഉൾപ്പെട്ടിട്ടില്ല.

**1-1-5 ചെലവ് പത്രികയിലെ ആകെ ചെലവും വാർഷിക കണക്കിലെ ആകെ ചെലവും പൊരുത്തപെടുന്നില്ല.**

| ഫണ്ടിനം | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | ഐ.കെ.എം. ചെലവ് പത്രികയിലെ തുക | വ്യത്യാസം |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 12142742 | 12202865 | 60123 |

**1-1-6 വരവ് തെറ്റായ ഹെഡിൽ ഉൾപെടുത്തി**

RP-10 ൽ ഓഡിറ്റ് റിക്കവറി ഹെഡിൽ ഉൾപ്പെടുത്തേണ്ട പല തുകകൾ റിക്കവറി ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല ഒരുദാഹരണം താഴെ ചേർക്കുന്നു.
Recovery From Employees - Audit Recovery Based On Charge Certificate 233735/- രൂപ വരവുണ്ട്. ആയത് Recovery From Employees - Audit Recovery Based On Audit Report/Audit Enquiry എന്ന ഇനത്തിലുള്ള വരവാണ്.

**1-1-7 വായ്പ വിവരങ്ങൾ, വാർഷിക കണക്ക്, ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല**

ഭവന പദ്ധതിയ്ക്കായി ചോറോട് സർവ്വീസ് കോ -ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 2016 ൽ ലോൺ നമ്പർ -CGPHL/234010000001 പ്രകാരം ലഭ്യമാക്കിയ വായ്പയുടെ മുതലിനത്തിലുള്ള മുന്നിരിപ്പ് , വായ്പ തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവ, വാർഷിക കണക്ക്, ലോൺ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | | | രജിസ്റ്റർ പ്രകാരം | | | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | | |
|---|---|---|---|---|---|---|---|---|
| മുന്നിരിപ്പ് | വായ്പ തിരിച്ചടവ്, | നീക്കിയിരിപ്പ് | മുന്നിരിപ്പ് | വായ്പ തിരിച്ചടവ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | വായ്പ തിരിച്ചടവ്, | നീക്കിയിരിപ്പ് |
| 2756688 | 14,00,000 | 1640160 | 3040160 | 14,00,000 | 1640160 | 3529954 | 1384934 | 2145020 |

മേൽ അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (15/2022-23/05.12.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**1-1-8 ഇ -ടെണ്ടർ തുക ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.**

LID EW അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴുള്ള ഇ-ടെണ്ടർ തുക നാളിതുവരെ ഗ്രാമപഞ്ചായത്ത് തനത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയത് ലഭിക്കാനുള്ള തുകയായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-2 ബജറ്റ്**

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/03/2022 തിയ്യതിയിലെ 01/22 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 16/03/2023 തീയതിയിലെ 01 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 78998142 |
| വരവ് | 223885600 |
| ആകെ | 302883742 |
| ചെലവ് | 247381742 |

| | |
|---|---|
| നീക്കിയിരിപ്പ് | 55501868 |

## 1-3 സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41925604 |
| വരവ് | 70206804 |
| ആകെ | 112132408 |
| ചെലവ് | 58456597 |
| നീക്കിയിരിപ്പ് | 53675811 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നഷ്ടപ്പെട്ട/ നീക്കിയിരിപ്പുള്ള തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 0 | 27126087 | 27126087 | 27126087 | 0 |
| വികസനഫണ്ട്-എസ്.സി.പി | | 0 | 1345087 | 1345087 | 1345087 | |
| മെയിന്റനൻസ്, റോഡ് | | 0 | 6093300 | 6093300 | 4283000 | 1810300 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 7479000 | 7479000 | 4824128 | 2654872 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് ) | ബാങ്ക് | 4786580 | 7839000 | 12625580 | 5784227 | 6841353 |
| | ട്രഷറി | 0 | 4383081 | 4383081 | 777826 | 3605255 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ് ) | ബാങ്ക് | 786178 | 5226000 | 6012178 | 5537350 | 656965 (474828+interst 182137) |
| | ട്രഷറി | 0 | 44071 | 44071 | 44071 | 0 |

കുറിപ്പ് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റിൽ വാർഷിക കണക്ക് പ്രകാരവും എ.സി.ആർ പ്രകാരവും ( ACR -6622176 – AFS-6562053) ചെലവിൽ 60123/-രൂപയുടെ വ്യത്യാസമുണ്ട് .

2)സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റിൽ നിന്ന് ബാങ്കിൽ നിന്ന് നേരിട്ട് കുറവ് ചെയ്ത 732/-രൂപ ഉൾപ്പെടെയുള്ള തുകയാണ് ചെലവായി രേഖപ്പെടുത്തിയത്.

3). സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ഗ്രാന്റിൽ വരവിലും നീക്കിയിരിപ്പിലും പലിശയിനത്തിൽ 31/10/2022 ൽ ലഭ്യമായ 60123/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.

**ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ച വികസനഫണ്ടിന്റെ യഥാർത്ഥ വിവരം (ജി.ഒ പ്രോജക്ട് ഉൾപ്പെടെ)**

| ഫണ്ടിനം | സർക്കാർ ബഡ്ജറ്റ് അനുബന്ധം IV പ്രകാരം | എ.സി.ആർ വരവ് | ജി.ഒ പ്രോജക്ട് | ആകെ | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 29323000 | 27126087 | 2196913 | 29323000 | 28452586 | 870414 |
| വികസനഫണ്ട്-എസ്.സി.പി | 1569000 | 1345087 | 223913 | 1569000 | 1569000 | 0 |

വികസന ഫണ്ട് മൂന്ന് പദ്ധതികളിൽ സമർപ്പിച്ച ബില്ലുകൾ ട്രഷറിയിൽ നിന്ന് പാസ്സാവാത്തതിന് (488424 +363600+18390 = 870414)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 193 | 129604374 | 156 | 70602244 | 37 | 80.82 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 9 | 4082880 | 2886202 | 70.69 |
| വെറ്ററിനറി സർജൻ | 7 | 7 | 2160000 | 1765815 | 81.75 |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 12 | 12 | 5138619 | 4839442 | 94.17 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | 2089070 | 1269353 | 60.76 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 19 | 44470013 | 20834855 | 46.85 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 9457956 | 7709155 | 81.50 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 57 | 43400741 | 16506479 | 38.03 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2650000 | 1700000 | 64.15 |
| സെക്രട്ടറി | 34 | 26 | 12908800 | 10086970 | 78.14 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 2127295 | 1899623 | 89.29 |
| ഹെഡ്മാസ്റ്റർ | 4 | 4 | 1119000 | 1104350 | 98.69 |
|  | 193 | 156 | 129604374 | 70602244 | 54.47 |

ഡി.പി.സി. അഗീകാരം ലഭിച്ച 193 പ്രോജക്കുകളിൽ 156 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 129604374/-രൂപ വകയിരുത്തിയതിൽ 70602244/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 8638929/-രൂപ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4596200 | 3059 |
| വിധവാപെൻഷൻ | 15993300 | 10367 |
| വാർദ്ധക്യകാല പെൻഷൻ | 33250000 | 23406 |
| വികലാംഗ പെൻഷൻ | 5652400 | 3604 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1738800 | 1120 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 13 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2023 ന് 10.40 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,507/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണെന്ന് കാണുന്നു.

12-7-2018ലെ എ13/2018 ഓഫീസ് ഉത്തരവ് പ്രകാരം ഓഫീസിലെ എല്ലാ ഉത്തരവാദിത്തങ്ങളും

ജീവനക്കാർക്ക് കൃത്യമായി വിഭജിച്ച് നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി ക്രമീകരിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് വരുന്ന ഓരോ ഉത്തരവുകൾക്കും സ്ഥലം മാറ്റങ്ങൾക്കുമനുസരിച്ച് അതതു സമയം ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ച് പഞ്ചായത്തിന്റെ കീഴിൽ വരുന്ന ജോലികൾ ക്രമീകരിക്കുന്നതിൽ സെക്രട്ടറി പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് നടത്തി ഓരോ മാസവും പഞ്ചായത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും ഇതുവരെ ചെയ്ത പ്രവർത്തന പുരോഗതിയും വിലയിരുത്തുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ 12 തവണയായി ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടപെടലുകൾ നടത്തി മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ ഓരോരുത്തരും ഫയലുകളും രജിസ്റ്ററുകളും ചിട്ടയായി സൂക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

## 1-9 ടാക്സ് ഓഡിറ്റ്

### ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനം വിപുലീകരിക്കാവുന്നതാണ്. ചോറോട് ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

### വസ്തുനികുതി വരവ്

2011 ലെ വസ്തുനികുതി ചട്ടപ്രകാരം 5 വർഷം കൂടുമ്പോൾ നിയമാനുസരണം നികുതി വർദ്ധിപ്പിക്കാവുന്നതാണ്. 22.03.2023ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/ എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചോറോട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വസ്തുനികുതി സേവന ഉപനികുതിനിരക്കുകൾ 01/04/2023 തീയതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം പരിഷ്കരിക്കുന്നതിനായി 09/05/2023 ലെ 1(1) നമ്പർ ഭരണസമിതിയുടെ തീരുമാന പ്രകാരം കെട്ടിടങ്ങൾക്ക് ഈടാക്കാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക്, ഗ്രാമപഞ്ചായത്ത് ഭൂപ്രദേശ മേഖലകൾ, റോഡുകൾ എന്നിവ താൽകാലികമായി നിശ്ചയിക്കുകയും ആയതിന്മേൽ പൊതുജനങ്ങളുടെ അറിവിനും ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനുമായി ദിനപത്രത്തിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങളുടെ അഭാവത്തിൽ കരട് വിജ്ഞാപനങ്ങൾ പഞ്ചായത്ത് അന്തിമ വിജ്ഞാപനം (30.06.2023ലെ ഭരണസമിതി തീരുമാനം നമ്പർ 4/4/2023) ചെയ്ത് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കി വരുന്നത്. പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുകയും ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടുമുണ്ട്. ചട്ടം 7

പ്രകാരമുള്ള മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

2023-2024 സാമ്പത്തിക വർഷം വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണം നടത്തുന്നതിനും ഡേറ്റാ എൻട്രി നടത്തുന്നതിനുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ വിവിധ വാർഡുകളിലേക്ക് നിയമിക്കുന്നതിന് 09.05.2023 ൽ 2/2/2023 നമ്പർ പ്രകാരം തീരുമാനിച്ചു. അപ്രകാരം യോഗ്യതാടിസ്ഥാനത്തിൽ അർഹരായ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ 6 വാർഡുകളിലായി 12 പേർ കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിക്കൊണ്ടിരിക്കുന്നു. ഓഡിറ്റ് വർഷം വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഖണ്ഡിക 1-10, 1-11 ആയി ഉൾപ്പെടുത്തിയത് കണ്ടാലും. വസ്തുനികുതിയിലെ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ത്വരിതഗതിയിൽ അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്ജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ |

| | | |
|---|---|---|
| | | 2% |
| (ഡി) | ഡ്രയിനേജ് (അഴുക്ക ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന് , ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

**കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്**

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**പെർമിറ്റ്**

സ്ഥാപന പരിധിയിൽ അനധികൃത നിർമ്മാണം നടക്കുന്നതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. പരാതി രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്തതായി കാണുന്നു. അത്തരത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അനധികൃത നിർമ്മാണത്തിനെതിരെ സ്ഥാപനം നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടന്നു വരുന്ന സർവെ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് സഹായകമാകും. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ

പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക 3, 235എ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിയന്ത്രിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വകുപ്പ് 162 (എ) (Ii) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ നിയന്ത്രണ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് കൈക്കൊണ്ട നടപടിക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**തൊഴിൽ നികുതി വരവ്**

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയിനത്തിലുള്ള വരവ് ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 24,18,560/- | 24,18,560/- | 0 |

തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ റിട്ടേണുകളിൽ ചേർക്കുന്നില്ല. തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം, സ്ഥാപനത്തിലുള്ള തൊഴിലാളികളുടെ എണ്ണം എന്നിവ വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ ഉദ്യോഗപ്പേര്, അടിസ്ഥാന വേതനം എന്നിവ രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽനികുതി ചുമത്തുന്നതിന് ആവശ്യമായ വിവരങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുന്നുവെന്നും തൊഴിൽ നികുതി ഇളവ് ലഭിക്കുന്നതിന് വേതനം കുറച്ച് കാണിക്കുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

തൊഴിൽനികുതി- സ്ഥാപനങ്ങൾ, സ്വയംതൊഴിൽ കണ്ടെത്തിയവർ, പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാ ബേസ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റതാക്കാവുന്നതാണ്. വിവിധ മേഖലയിലെ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ

ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ, സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി അമെന്റ്മെന്റ് ചട്ടങ്ങൾ 2017 ലെ ചട്ടം 14 എ പ്രകാരം Every Employer Or The Head Or Secretary Or Manager Of Any Public Or Private Office, Hotel, Boarding Or Lodging House Or Club Or A Firm Or Company Or Any Other Person Liable To Collect Profession Tax Shall Make An Application To The Secretary Through Online In Such Manner And Within Such Time For Registration Of Its Institution Or Office And On Receipt Of The Said Application, The Secretary Shall Register The Application Within One Day And Provide A Registration Number Including A Login Id And Password And The Taxpayer Can Make The Payment Of The Profession Tax Through Online E-payment System Using The Login Id And Password, Provided, However, Till Such Time The Online System Is Introduced In The Office, The Taxpayers Can Make Payment Through The Existing Manual System And Thereafter Can Switch Over To The Online Payment System When Introduced.

പ്രസ്തുത ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**FTE&OS ലൈസൻസ് വരവ്**

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീയിനത്തിലുള്ള വരവ് ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| | | |
| 2,72,750/- | 2,72,750/- | 0 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതോ ആയ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതും ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Traders, Entrepreneurship Activities) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു

സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 1955 സ്ഥാപനങ്ങളാണ് ചോറോട് പഞ്ചായത്തിൽ പാർപ്പിടേതരാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ളത് എന്നാൽ ലൈസൻസ് രജിസ്റ്ററിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം 2022-23 വർഷത്തിൽ 575 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള വാണിജ്യ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ ഉപയോഗിക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെക്കൊണ്ടും ചട്ടപ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ പരാജയപ്പെടുന്നതിന് കാരണമാവുകയും ചെയ്യുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഫീൽഡ് പരിശോധനയിലൂടെ ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**<u>വാടക/ ലേലം</u>**

2022-23 വർഷത്തെ ഡി.സി.ബി (രജിസ്റ്റർ പ്രകാരമുള്ളത്)

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| | | | |
| വാടക | 22,440/- | 22,440/- | 0 |

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കറ്റിൽ ഒരു കെട്ടിടമുറിയാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഏപ്രിൽ മാസം 1 മുതൽ മാർച്ച് 31 വരെ ഒരു വർഷത്തേക്കാണ് കെട്ടിടമുറി വാടകയ്ക്ക് നൽകുന്നത്. കെട്ടിടത്തിന് നിശ്ചയിച്ച വാടകക്ക് 10% വാർഷിക വർദ്ധനവ് വരുത്തുന്നുണ്ട്. വാടകക്കാരനുമായി കരാറിൽ ഏർപ്പെടുന്നതിന് മുദ്രപത്രം വാങ്ങി ഫയലിൽ വച്ചിട്ടുണ്ട്. എന്നാൽ വ്യവസ്ഥകൾ എഴുതിച്ചേർത്തിട്ടില്ല. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപനത്തിൽ വാടക ബൈലോ തയ്യാറാക്കിയിട്ടില്ല. വാടക വൈകി അടവാക്കുന്നതിന് പിഴപ്പലിശ ഈടാക്കുന്നുണ്ട്. വാടകക്കാരൻ വാടക

മുൻകൂറായും ഓരോ മാസവും 5-ാം തീയതിലോ അതിനു മുമ്പോ നൽകേണ്ടതാണെന്ന് വ്യവസ്ഥ എഗ്രിമെന്റിൽ ചേർക്കാവുന്നതാണ്. വാടക മുറിയുടെ വിസ്തീർണ്ണം, അതിരുകൾ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ, വാടകക്കാരൻ കടമുറി എന്താവശ്യത്തിനാണ് എടുക്കുന്നത് എന്നീ ആവശ്യമായ എല്ലാ വിവരങ്ങളും കരാർ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. നിയമം അനുശാസിക്കും പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. വാടക വർദ്ധനവിനോടൊപ്പം ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വർദ്ധനവ് വരുത്താവുന്നതാണ്.

2022-23 വാർഷിക ധനകാര്യ പത്രികയിലെ RP-5 Sale & Hire Charges എന്ന ഹെഡിൽ ലേലം, സെയിൽ ഓഫ് സ്ക്രാപ്പ്, തുടങ്ങിയ ഇനങ്ങളിലായി 1,48,554/- രൂപ വരവുണ്ട്. സ്ഥാപനത്തിലെ കുളങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ മുതലായവ യഥാസമയം ലേലം ചെയ്യുന്നുണ്ട്.

## രജിസ്ട്രേഷൻ ഫീസ്

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ വരവില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/-രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/-രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 50/-രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 13 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.

ചോറോട് പഞ്ചായത്തിലെ 2022-23 വർഷത്തെ നികുതി പിരിവ് 100% കൈവരിക്കുന്നതിന് ഡിമാന്റ് നോട്ടീസ് കുടുംബശ്രീ വഴി വിതരണം ചെയ്യുന്നതിനും ഫിബ്രുവരി ആദ്യവാരത്തിൽ വാർഡുകളിൽ നികുതി പിരിവ് ക്യാമ്പ് നടത്തി മാർച്ച് 15 ന് മുമ്പായി 100% നികുതി പിരിവ് പൂർത്തീകരിക്കുന്നതിന് വാർഡ് ക്ലർക്കുമാർക്ക് വേണ്ട നിർദ്ദേശം നൽകിക്കൊണ്ട് തീരുമാനിച്ചിട്ടുണ്ട്. നികുതി ഇളവ് സംബന്ധിച്ചും, നികുതി പിരിവ് ത്വരിതപ്പെടുത്തിന്നതിനുള്ള നിർദ്ദേശങ്ങൾ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് അംഗീകാരം നൽകുന്നത് എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച്

ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കണം.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം.

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക/ പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണസമിതിക്ക് ശുപാർശകൾ നൽകേണ്ടതുമാണ്.

**1- 10 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ കണക്കാക്കിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203ാം വകുപ്പ് 2, 5 ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ പരിധികൾ പട്ടികയിൽ ഉൾപ്പെടുത്തി 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട് ടി

പട്ടിക പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ തറവിസ്തീർണ്ണത്തിനനുസൃതമായി വർഗ്ഗീകരിച്ചിട്ടുണ്ട്. ഉദാ: 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്നിങ്ങനെ. ചോറോട് ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഇവിടെ കൃത്യമായ വർഗ്ഗീകരണം നടക്കാത്തതിനാലാണ് ഇത്തരത്തിൽ ഒരേ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്.

വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നമ്പർ | 3 |
| കെട്ടിട നമ്പർ | 299 A To L |
| കെട്ടിട ഉടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | സുധാകരൻ.എ, വിജ്മ ദേവി, സിംഫണി, അഴിയൂർ - 673309 |
| പെർമിറ്റ് നമ്പർ | A1 New-BA (270080)/2021 തീ. 20/02/2021 |
| പെർമിറ്റ് പ്രകാരം അനുവദനീയമായ വിസ്തീർണ്ണം | 358.88 ച.മീ |

| | |
|---|---|
| പെർമിറ്റ് കാലാവധി | 08/11/2026 |
| കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം | Ground Floor - 160.72 ച.മീ<br>First Floor – 200.98 ച.മീ<br>Stair Room - 15.96 ച.മീ |
| | ആകെ 377.66 ച.മീ |

മേൽ കെട്ടിടത്തിന്റെ പെർമിറ്റ് പ്രകാരമുള്ള ഏരിയയിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയത് റെഗുലറൈസ് ചെയ്ത് നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ പണി പൂർത്തീകരിച്ച് 2022 ആദ്യ അർദ്ധവർഷം നമ്പറിട്ട് നൽകിയിട്ടുള്ളതാണ്. കെട്ടിട നമ്പർ 3/299 A To E (ഏരിയ 160.72 ച.മീ). പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം 50 രൂപ അടിസ്ഥാന നികുതിയാണ് ഈടാക്കി വരുന്നത്. മേൽ പെർമിറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ മുകളിലത്തെ നില പൂർത്തീകരിച്ച് പൂർത്തീകരണ പ്ലാൻ പ്രകാരം 2023 ആദ്യ അർദ്ധ വർഷം നമ്പറിട്ടു നൽകിയിട്ടുണ്ട്. കെട്ടിട നമ്പർ 3/299 F To L (ഏരിയ 216.94 ച.മീ). മുകളിലത്തെ നില വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (അടിസ്ഥാന നികുതി 70 രൂപ). മേൽ കെട്ടിടത്തിന് മുകളിലത്തെ നില നമ്പറിടുമ്പോൾ താഴത്തെ നിലയുടെ നികുതി കൂടി പുനർ നിർണ്ണയിക്കേണ്ടിയിരുന്നു. എന്നാൽ അപ്രകാരം നികുതി പുനർ നിർണ്ണയിച്ചതായി കാണുന്നില്ല. ഇതിലൂടെ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടം വന്നിരിക്കുന്നു.

പഞ്ചായത്തിൽ 2023 വർഷത്തെ നികുതി പരിഷ്കരണം 01.04.2023 പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ സ്ഥലപരിശോധന നടത്തി കെട്ടിടത്തിന്റെ ഉപയോഗത്തിനനുസൃതമായി നികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/22-23 തീയതി 01/12 /2023) പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

**1-11 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് തറ നിർമ്മിതി അടിസ്ഥാനത്തിലുള്ള നിയമപ്രകാരമായ നികുതി വർദ്ധനവ് സഞ്ചയയിൽ പ്രതിഫലിക്കുന്നില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ മേൽത്തരം തറ എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ സെലക്ട് ചെയ്തിട്ടും ബാധകമായ 15% വർധനവ് വന്നതായി കാണിക്കുന്നില്ല. ആയതിനാൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ഉദാഹരണം താഴെ ചേർക്കുന്നു.

| വാർഡ് കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 20/394 B മുതൽ E വരെ | ശ്രീ. എ.ടി. ജാബിർ, ആമിനാസ്, ചോറോട് – 673106 | 313.4 ച.മീ |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. ചോറോട് ഗ്രാമപഞ്ചായത്തിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 381 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങൾ പരിശോധിച്ച് സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി പുന: നിർണയിക്കേണ്ടതാണെന്ന് അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 11/2022-23 തീയതി 02/12/2023) പ്രസ്തുത കെട്ടിടങ്ങൾ 2019 ൽ അസസ്സ് ചെയ്ത് നികുതി ചുമത്തി വരുന്നതാണ് എന്നും ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുമ്പോൾ സഞ്ചയയിൽ 250 ച.മീറ്ററിന് മുകളിൽ മേൽ തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവ സെലക്ട് ചെയ്തെങ്കിലും 15 ശതമാനം നികുതി വർദ്ധനവ് ഉണ്ടാകാത്തത് സോഫ്റ്റ് വെയർ അപാകതയാണെന്നും അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1- 12 ആർ ട്രാക്ക് ഡാറ്റ കളക്ഷൻ ആറ്റ് പ്രൊസസിംഗ് – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ -റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | S0243/23 |
| പ്രോജക്റ്റ് പേര് | ആർ ട്രാക്ക് ഡാറ്റ കളക്ഷൻ ആറ്റ് പ്രൊസസിംഗ് |
| അടങ്കൽ | 63000 |
| ചെലവ് | 25200 |
| ബിൽ സാങ്ഷൻ നം/തീയതി/തുക | 449/24/03/2023 |

പദ്ധതിയുമായി ബന്ധപ്പെട്ട 13 വാർഡുകളിലെ ഡേറ്റ കളക്റ്റ് ചെയ്യുന്നതിന് വിഷ്ണു കെ.പി എന്ന വ്യക്തിക്ക് 13x1200 = 15600/-രൂപയും, ആശ എന്നയാൾക്ക് 8x1200 = 9600/-രൂപയും ഡിസംബർ മാസത്തെ 21ദിവസം ജോലി ചെയ്തതിന്റെ മസ്റ്റർ റോൾ ലഭ്യമാക്കി ആകെ 25200/- രൂപ ചെലവഴിച്ചതായി കാണുന്നു. മസ്റ്റർറോൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. മേൽ വ്യക്തികളുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല. പദ്ധതി ഏത് വിധത്തിൽ നടപ്പിലാക്കണമെന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കലക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കണമായിരുന്നു. എന്നാൽ ഇവിടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത് എന്നത് സംബന്ധിച്ച് യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (4/2022-23 / 01.012.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് തുടർനടപടികൾ അറിയിക്കുന്നതുവരെ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 25200/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തീകരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**1-13 ബെലിയിങ്ങ് മെഷീൻ നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല.**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പ്രൊജക്റ്റിന്റെ പേര് | 20/23 (SO) ബെയിലിംഗ് പ്രസ്സ് മെഷീൻ വാങ്ങൽ |
| വകയിരുത്തിയ തുക | 500000 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് തുക/ഫണ്ടിനം | 494300 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ബിൽ നം/തീയ്യതി | 92/27-9-22 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം 494300 രൂപ ചെലവഴിച്ച് എം.സി.എഫിലേക്ക് ഒരു ഹൈഡ്രോളിക് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. ഇ-ടെണ്ടർ മുഖേന കോളാർ മിൽസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നുമാണ് പ്രസ്തുത മെഷീൻ വാങ്ങിയിരിക്കുന്നത്. സ്ഥാപനവുമായി വെച്ച എഗ്രിമെന്റ് പ്രകാരം മെഷീൻ സപ്ലൈ ചെയ്ത് ഒരു വർഷം വരെ ഗ്യാരന്റി നൽകിയിട്ടുണ്ട്. 2-12-23 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ നിലവിൽ മെഷീൻ താത്കാലികമായി പ്രവർത്തിക്കുന്ന എം.സി.എഫിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഇതുവരെയും മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചിട്ടില്ല. ഗ്യാരന്റി പിരീയഡ് കഴിഞ്ഞിട്ടും മെഷീൻ

സ്ഥാപിച്ച് പ്രവർത്തിപ്പിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിക്ക് നൽകിയ എൻക്വയറിക്ക് (13/2022-23 തീയതി 4.12.2023) നൽകിയ മറുപടിയിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ സപ്ലൈ ഓർഡർ കൊടുത്തെങ്കിലും മെഷീൻ സപ്ലൈ ചെയ്യുന്നതിന് തൊട്ടു മുൻപായി 2023 മാർച്ച് മാസത്തിൽ ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ വൻ തീപിടുത്തമുണ്ടാവുകയും മുഴുവനായും നശിക്കുകയും ചെയ്തു. ആയതിനുശേഷം താത്കാലികമായി പ്രവർത്തിക്കുന്ന എം.സി.എഫ് കെട്ടിടത്തിലാണ് ബെയിലിംഗ് മെഷീൻ സൂക്ഷിച്ചിരിക്കുന്നത് . കെട്ടിടത്തിൽ മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റെബിലിറ്റി ഇല്ലാത്തതിനാൽ നിലവിൽ മെഷീൻ പ്രവർത്തിപ്പിക്കുന്നില്ലെന്നും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന എം.സി.എഫിന്റെ പണി പൂർത്തിയായാൽ ബെയിലിംഗ് മെഷീൻ എം.സി.എഫിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . അതുവരെ 494300 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-14 വിവിധ ഏജൻസികൾക്ക് തുക കൈമാറി-വിനിയോഗ വിവരം ലഭ്യമല്ല.**

2022-23 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 111/23 അങ്കണവാടി കുഴൽകിണർ നിർമ്മാണം | 78360 (സി.എഫ്.സി .ഗ്രാന്റ് ) | 161/26-11-22 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോഴിക്കോടിന് നൽകി. വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല |
| 2 | 116/23 ജില്ലാ ആസൂത്രണസമിതി കെട്ടിടത്തിന് വിഹിതം നൽകൽ | 200000 (തനത് ഫണ്ട് ) | 406/18-3-23 | ജില്ലാ പ്ളാനിങ്ങ് ഓഫീസർക്ക് നൽകി. വിനിയോഗം,പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല |
| | ആകെ | **278360** | | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശവും വിനിയോഗ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (12/4-12-23) മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം, പൂർത്തീകരണ വിവരം ഹാജരാക്കുന്നതുവരെ 278360 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ വിവരം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-15 അതിദരിദ്രം പെട്ടിക്കട -പ്രവർത്തിക്കുന്നില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ടിന്റെ പേര് | 248/23 അതി ദരിദ്രം പെട്ടിക്കട |

| | |
|---|---|
| വകയിരുത്തിയ തുക | 30000(വികസന ഫണ്ട്)+30000 (ബ്ലോക്ക് വിഹിതം)=60000 |
| ചെലവു തുക | 30000(വികസന ഫണ്ട്) + 20500(ബ്ലോക്ക് വിഹിതം)=50500 |
| ബിൽ നം/തീയ്യതി | 480/28-3-23<br>453/25-3-23 |

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്റ്റ് പ്രകാരം 50500/- രൂപ ചെലവഴിച്ച് അതിദരിദ്ര ലിസ്റ്റിൽപെട്ട ശ്രീമതി ഗീത.സി.കെ എന്നവർക്ക് ഒരു പെട്ടിക്കട നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരിയായ ( 40% Locomotor Disability) ശ്രീമതി ഗീതയെ ഗുണഭോക്താവായി 17-1-23ലെ 8/23 നം ഭരണസമിതി തീരുമാന പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. 2-12-2023 ന് ഓഡിറ്റിന്റെ ഭാഗമായി വി.ഇ.ഒ യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ നിലവിൽ ടിയാളുടെ പെട്ടിക്കട തുറന്നു പ്രവർത്തിക്കുന്നില്ലെന്ന് കണ്ടു. ടിയാളുടെ സ്ഥലത്ത് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട വീട് നിർമ്മാണം നടക്കുകയാണ് . പെട്ടിക്കട വീടിനു പിറകുവശത്തായി മറ്റൊരാളുടെ സ്ഥലത്ത് വെറുതെയിട്ടിരിക്കുകയാണ്. കടയിൽ സാധനങ്ങൾ ഒന്നും തന്നെയില്ല. കടയ്ക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതാണെന്നറിയുന്നതിനുള്ള നെയിംബോർഡ് സ്ഥാപിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (16/2022-23 തീയതി 5.12.2023) വി.ഇ.ഒ നൽകിയ മറുപടിയിൽ നിലവിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് വീട് നിർമ്മാണം നടക്കുന്നതിനാൽ സാധനങ്ങൾ ഇറക്കുന്നതിന് സ്ഥല സൗകര്യം ഇല്ലാത്തതിനാലാണ് പെട്ടിക്കട വീടിനു പിറകുവശത്തായി മറ്റൊരാളുടെ സ്ഥലത്ത് വെറുതെയിട്ടിരിക്കുന്നത് എന്നും വീട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ലൈഫ്ഭവനവും പെട്ടിക്കടയും ഉദ്ഘാടനം നിർവ്വഹിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പെട്ടിക്കടയ്ക്ക് നെയിംബോർഡ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽ നടപടികൾ പൂർത്തിയാക്കി പെട്ടിക്കട തുറന്ന് പ്രവർത്തിപ്പിച്ച് അറിയിക്കുന്നതുവരെ 50500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-16 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ- മുഴുവൻ മരുന്നും ലഭ്യമായില്ല.

പ്രൊജക്റ്റ് നം:- 230/23

അടങ്കൽ :-160000/ ഹെൽത്ത് ഗ്രാന്റ്

ചെലവ് :- 131295

ബിൽ നം.434/22-23/22-3-23 പ്രകാരം 12485/ രൂപ ചോറോട് എഫ്.എച്ച്.സി യിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി മെഡിക്കൽ ഓഫീസർ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതി വരെ 11522/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. തുക നൽകി 8 മാസം കഴിഞ്ഞിട്ടും ബാക്കിയുള്ള തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള 963 (12485-11522) രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (08/2022-23 തീയതി 1.12.2023) മറുപടി നൽകിയിട്ടില്ല. ബാക്കിയുള്ള 963/- (12485-11522) രൂപയുടെ മരുന്ന് ലഭ്യമാക്കി അറിയിക്കുന്നതുവരെ ചെലവ് തുക 963/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1- 17 പൊതുമരാമത്ത് പ്രവൃത്തികൾ - കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 3(v) പ്രകാരം കരാർ ഉടമ്പടികൾ 1959 ലെ കേരള മുദ്രപത്ര ആക്ടിലെ ബന്ധപ്പെട്ട വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഉള്ള മുദ്രപത്രത്തിൽ ആയിരിക്കേണ്ടതാണ്. അതു പ്രകാരമല്ലാതെ ഏർപ്പെടുന്ന യാതൊരു കരാറും പഞ്ചായത്തിന് ബാധകമായിരിക്കുന്നതല്ല എന്ന് മേൽ ചട്ടങ്ങളിലെ ചട്ടം 6(5) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചോറോട് ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ 57 പൊതുമരാമത്ത് പ്രവൃത്തികളിൽ 43 പ്രവൃത്തികൾ നേരിട്ടും, ടെണ്ടർ മുഖേനയും ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ 20 പ്രവൃത്തികളിൽ കരാർ സ്ഥാപനവുമായി മുദ്രപത്രത്തിലല്ല കരാർ വച്ചിട്ടുള്ളത്. മുദ്രപേപ്പറിൽ കരാർ തയ്യാറാക്കുന്നതിന് പകരം ലീഗൽ പേപ്പറിലാണ് തയ്യാറാക്കിയിട്ടുള്ളത്.

ധനകാര്യ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1959 ലെ കേരള മുദ്രപത്ര ആക്ടിലെ 5(f) വകുപ്പിലെ ബന്ധപ്പെട്ട് പുതുക്കിയ ഉത്തരവ് (ജി.ഒ (പി) നമ്പർ 113/2019/TD) പ്രകാരം പൊതുമരാമത്ത് കരാർ വെയ്ക്കേണ്ടത് ഓരോ ആയിരം രൂപയ്ക്കും 1 രൂപ അല്ലെങ്കിൽ കുറഞ്ഞത് 200 രൂപയുടെയോ പരമാവധി 1 ലക്ഷമോ വരെയുള്ള കരാർ പത്രത്തിലോ ആയിരിക്കേണ്ടതാണ്. സ്ഥാപനത്തിനെ നേരിട്ട് ഏൽപ്പിച്ച് നൽകിയിട്ടുള്ളതും ടെണ്ടർ മുഖേന കരാറെടുത്തതുമായ ചുവടെ പറയുന്ന പ്രവൃത്തികൾക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുദ്രപത്രത്തിൽ കരാർ വെച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ പേര് | എസ്റ്റിമേറ്റ് തുക | കരാർതുക |
|---|---|---|---|
| 1 | 35/23 - എരപുരംകരിയാടി സബ്സെന്റർ ഗേറ്റ്മതിൽ പുറക് വശത്ത് വാതിൽ നിർമ്മാണം - | 150000 | 133608 |
| 2 | 36/23 - വൈക്കിലശ്ശേരി യുപി സ്കൂൾ റോഡ് ടാറിംഗ് | 600000 | 531678.96 |
| 3 | 38/23 – എം.സി.എഫ് കേന്ദ്രം - അനുബന്ധ കെട്ടിടനിർമ്മാണം | 790000 | 768669 |
| 4 | 39/23 – കൊലേരിതാഴ പുതിയൊട്ടുപൊയിൽ മുതൽ യോഗിമഠത്തും വരെയുള്ള റോഡ് | 700000 | 624054.28 |
| 5 | 40/23- ഭരണിക്കുൽമുക്ക് കുന്നുമ്മൽമുക്ക് റോഡ് | 440000 | 352391.75 |
| 6 | 41/23- പുത്തൻപുരയിൽ മലോൽമുക്ക് രാമത്ത്മല റോഡ് | 700000 | 621786.3 |
| 7 | 42/23- കണ്ണോറത്ത് മുക്ക് പുതിയൊട്ടിൽ മുക്ക് റോഡ് | 630000 | 553283.7 |

| | | | |
|---|---|---|---|
| 8 | 43/23- കെ.എ.എം.യുപി സ്കൂൾ പൂളക്കണ്ടിപ്പാറ ചാത്തോത്ത് റോഡ് ടാറിംഗ് | 700000 | 623543.28 |
| 9 | 44/23- ഓട്ടുകമ്പനി മമ്പരഞ്ഞോളി താഴറോഡ് ടാറിംഗ് | 700000 | 624573.19 |
| 10 | 45/23- കല്ലറയ്ക്കൽ ഭാഗം നടപ്പാത നിർമ്മാണം | 719000 | 641487.66 |
| 11 | 46/23- കുമ്മങ്കോട്ട് വടക്കേടത്ത് മുക്ക് റോഡ് | 460000 | 365753.178 |
| 12 | 47/23- അറയ്ക്കൽ നട ജിജിയുടെ പീടികമുതൽ റെയിൽവേ ബി ക്ലാസ്സ്<br>വരെ ഡ്രൈനേജ് ഫുട്പാത്ത് | 730000 | 650723.2 |
| 13 | 48/23- കുമുള്ളി മുക്ക് കുരിക്കിലാട് വായനശാല റോഡ് ടാറിംഗ് വാർഡ് 8,9 | 700000 | 624404.67 |
| 14 | 51/23- എഫ്.എച്ച് .സി മെയിന്റനൻസ് | 200000 | 194264 |
| 15 | 52/23- ജി.എൽ പി എസ് മുട്ടുങ്ങൽ നവീകരണം | 250000 | 223040.14 |
| 16 | 53/23- എം.സി.എഫ് കേന്ദ്രത്തിൽ മതിൽ നിർമ്മാണം | 1000000 | 892561.59 |
| 17 | 54/23- ബഡ്സ്സ്കൂൾ മെയിന്റൻസ് | 200000 | 198389 |
| 18 | 56/23- കുരിയാടി എൽ പി സ്കൂളിന്റെ നവീകരണം | 1000000 | 890901 |
| 19 | 57/23- മുട്ടുങ്ങൽ എൽ പി സ്കൂളിന്റെ നവീകരണം | 940000 | 837433 |
| 20 | 63/23- 82-ാം നമ്പർ അംഗൻവാടി കെട്ടിടനിർമ്മാണം | 1200000 | 1048038 |
| | | | 11400583.898 |

മേൽ പ്രവൃത്തികൾക്ക് കുറഞ്ഞത് 11400/- രൂപ മൂല്യമുള്ള മുദ്രപേപ്പറുകൾ വേണമെന്നിരിക്കെ ലീഗൽ പേപ്പറിൽ കരാർ തയ്യാറാക്കിയതിലൂടെ സംസ്ഥാന സർക്കാരിന് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (2/2022-23/01/12/2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയും, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, ഭരണസമിതിയും പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-18 ടേക്ക് - എ ബ്രേക്ക് നടത്തിപ്പ് - തുടർനടപടികൾ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്. പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തീയതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ നിർദ്ദേശം നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലാ കലക്ടറുടെ 02/11/2020 ലെ DCKKD/7572/2020 നമ്പർ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി (എൻ.എച്ച്) ന്റെ ഉടമസ്ഥതയിൽ ചോറോട് ഗ്രാമപഞ്ചായത്ത് കൈനാട്ടിയിൽ റെയിൽവേ ഓവർബ്രിഡ്ജിന് താഴ്ഭാഗത്തുള്ള റീസർവ്വേ 11/6 ൽ പ്പെട്ട 1.2 സെന്റ് ഭൂമിവിട്ടുകിട്ടിയതിൽ 2021-22 വർഷത്തിൽ 4,00,000/-രൂപ വകയിരുത്തി 3,95,869/- രൂപ ചെലവഴിച്ച് ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 2021 ഡിസംബർ 11 ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രസ്തുത സ്ഥലം മേൽ പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്താണ് നൽകിയിട്ടുള്ളതാണെന്നും. ആയതിനാൽ ഭൂമി അനുവദിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽ ഭൂമി ലീസിന്/ ഭൂമി വിലയ്ക്ക് വാങ്ങൽ പദ്ധതികൾ പ്രകാരം ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം റവന്യൂ വകുപ്പിന്റെ നിലവിലെ ഉത്തരവ് പ്രകാരം ക്രമവത്ക്കരിക്കേണ്ടതാണെന്ന് ജില്ലാ കലക്ടറുടെ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി ക്രമവത്ക്കരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ടേക്ക് എ ബ്രേക്ക് സംബന്ധിച്ച ബൈലോ തയ്യാറാക്കുന്നതിനെടുത്ത നടപടി വിവരവും ലഭ്യമല്ല

02.12.2023 ൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടേക്ക് എ ബ്രേക്കിൽ ഒരു ലേഡീസ് ടോയിലറ്റ്, ഒരു ഡിസേബിൾഡ് ടോയിലറ്റ് വാഷ് ഏരിയ ഉൾപ്പെടെ മറ്റ് അനുബന്ധ പ്രവർത്തികൾ എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥാപനം പൂട്ടിയിട്ടിരിക്കുന്നതായും താക്കോൽ അടുത്ത കടയിൽ ഏൽപ്പിച്ചിട്ടുള്ളതായും കണ്ടു. 2021 ഡിസംബർ 11 ന് ഉദ്ഘാടനം ചെയ്ത സ്ഥാപനം കരാർ പ്രകാരം 16/10/2023 ലെ 6483/2023 നമ്പർ ക്വട്ടേഷൻ ക്ഷണിച്ച് ലഭ്യമായ ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക (വർഷം -700/-) ക്വാട്ട് ചെയ്ത ബിജീഷ് തിരുമംഗലത്ത് എന്ന വ്യക്തിക്ക് 19/10/2023 ഏറ്റെടുത്ത് നടത്തുന്നതിന് കരാർ നൽകിയിട്ടുണ്ട്. പ്രസ്തുത കരാറിൽ ടേക്ക് എ ബ്രേക്ക് വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നതിനും, ഉപഭോക്താക്കളിൽ നിന്ന് ഭരണസമിതി തീരുമാനിച്ച ഫീ ഈടാക്കുന്നതിനും (യൂറിനൽ- 2 /- രൂപ , കക്കൂസ് 5 രൂപ ), വെള്ളക്കരം, കറന്റ് ചാർജ്ജ് എന്നിവ കരാറുകാരൻ

അടവാക്കണമെന്നും കരാറിൽ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2021 ഡിസംബർ 11 ന് ഉദ്ഘാടനം ചെയ്ത സ്ഥാപനം 19/10/2023 നാണ് ഏറ്റെടുത്ത് നടത്തുന്നതിന് കരാർ നൽകിയിട്ടുള്ളത്. ഈ കാലതാമസത്തിനുള്ള കാരണവും, ടേക്ക് എ ബ്രേക്കിനായി വിട്ടുകിട്ടിയ ഭൂമി ക്രമവത്ക്കരിക്കുന്നതിനും, ബൈലോ തയ്യാറാക്കുന്നതിനും കൂടാതെ മേൽ പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് സ്വീകരിച്ച തുടർനടപടികളും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 14/2022-23/ 05/12/2023 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടേക്ക് എ ബ്രേക്കിനായി വിട്ടുകിട്ടിയ ഭൂമി ക്രമവത്ക്കരിക്കുന്നതിനും, ബൈലോ തയ്യാറാക്കുന്നതിനും കൂടാതെ മേൽ പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനും തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

**1- 19 ചോറോട് എഫ്.എച്ച്.സിയിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ - പഞ്ചായത്തിന് അധിക ചെലവ്**

എഫ്.എച്ച്.സി അനുബന്ധ ചെലവുകൾ എന്ന പ്രോജക്ട് മുഖേന തനത് ഫണ്ടിൽ നിന്നും 190588/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ആശുപത്രിയുടെ ആവശ്യങ്ങൾക്കായുള്ള ഗ്യാസ് കണക്ഷൻ ബില്ലുകൾ പരിശോധിച്ചപ്പോൾ ഇവിടെ വാണിജ്യാവശ്യത്തിനുള്ള 19 കിലോഗ്രാം ഭാരമുള്ള ഗ്യാസ് കണക്ഷനാണുള്ളതെന്ന് കാണുന്നു. ഇപ്രകാരമുള്ള 3 ഗ്യാസ് കുറ്റികൾ വാങ്ങിയതിന് 5757/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലാഭേച്ഛയില്ലാതെ തികച്ചും സേവനാടിസ്ഥാനത്തിൽ പ്രവൃത്തിക്കുന്ന എഫ്.എച്ച്.സിയിൽ ഗാർഹിക നിരക്കിലുള്ള സിലിണ്ടറിനായി അപേക്ഷ നൽകുകയോ, ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (07/2022-23 തീയതി 1.12.2023) മറുപടി നൽകിയിട്ടില്ല.

വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ മാറ്റി ഗാർഹിക ആവശ്യത്തിനുള്ള കണക്ഷനാക്കാനുള്ള തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1- 20 അഗതിരഹിത കേരളം - പദ്ധതി നടത്തിപ്പ് - മോണിറ്ററിംഗ് ഫലപ്രദമല്ല**

സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ പഞ്ചായത്തിൽ വളരെ ക്ലേശമനുഭവിക്കുന്ന 75 അഗതി കുടുംബങ്ങളാണുള്ളത്. പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആവശ്യമായ ഭക്ഷണം, ഭൂമി, വീട്, ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും, തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ മൂന്ന് വർഷം കൊണ്ട് (2019-22 കാലയളവിനുള്ളിൽ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്തമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി കുടുബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ 09.03.2019-ലെ കെ.എസ്/എൽ/513/2019 ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷണം, വീട്, ചികിത്സ, ഭവന പുനരുദ്ധാരണം, മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 5991726/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. മേൽ ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ട് ഇനത്തിൽ വകയിരുത്തിയ 1866726/- രൂപയിൽ നാളിതുവരെ 1258429/- രൂപ അനുവദിക്കുകയും ആയത് സി.ഡി.എസ്.ന്റെയും അക്കൗണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തു. (ചോറോട് സർവ്വീസ് സഹകരണ ബാങ്കിലെ 10203003887 -ാം നമ്പർ അക്കൌണ്ടിൽ) . പ്രസ്തുത തുക അഗതി കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി പ്രകാരം അഗതി - ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. (സി.ഡി.എസിൽ നിന്ന് ലഭ്യമായ വിവരങ്ങൾ)

| ഇനം | ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | നാളിതുവരെ ലഭ്യമായ ആനുകൂല്യങ്ങൾ |
|---|---|---|
| ഭക്ഷണം | 68(നിലവിൽ 7 പേർ മരിച്ചു പോയതിനാൽ) | 2023 മാർച്ച് വരെ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തി |
| മരുന്ന് | 05 | 0 |
| ഭവനം | 03 | 3(ലൈഫ് ഭവന പദ്ധതി യിലുൾപ്പെടുത്തി നൽകി) |
| വിദ്യാഭ്യാസം | 06 | 06 |
| ഭവനപുനരുദ്ധാരണം | 29 | 17(ബാക്കിയുള്ളവർക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് തന്നെ നിർമ്മിച്ചു നൽകിയിട്ടുണ്ട്.) |

അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾക്ക് ആവശ്യമായ സേവന പരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് മുൻഗണന നൽകിയിട്ടുണ്ട്.

സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ 2.6.2 ,3.2.1.1 എന്നിവ പ്രകാരം അഗതി ആശ്രയ പദ്ധതിയ്ക്ക് കുടുബശ്രീ മിഷന്റെ ചലഞ്ച് ഫണ്ട്, വികസന ഫണ്ട്, ജില്ല-ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, വിഹിതം (യഥാക്രമം 10%,15%,35%) എന്നിവ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. എന്നാൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണവും, വികസനഫണ്ട് ഉപയോഗിച്ച് ഭവന പുനരുദ്ധാരണവും വീട് നിർമ്മാണവും പഞ്ചായത്ത് തനത് ഫണ്ട് ഉപയോഗിച്ച് മറ്റ് അവശ്യ ഘടകങ്ങളും ഗുണഭോക്താക്കൾക്ക് വേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. ചലഞ്ച്ഫണ്ട് ലഭിക്കാത്തതിനാൽ പഞ്ചായത്തിൽ നിന്നും 2022-23 വർഷം 238299/- രൂപ ലഭ്യമാക്കി 2023 മാർച്ച് വരെ ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. ഭക്ഷ്യവിതരണത്തിന് നിലവിൽ പണമില്ലാത്ത അവസ്ഥയാണ്. എന്നാൽ അഗതി ആശ്രയ പദ്ധതിയ്ക്ക് തൻവർഷം കുടുംബശ്രീ തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിലേക്കാവശ്യമായ നിർബന്ധിത ജില്ല-ബ്ലോക്ക്, ഗ്രാമപഞ്ചായത്ത്, വിഹിതം (യഥാക്രമം 10%,15%,35%) തൻ വർഷം ലഭ്യമായില്ല.

അഗതികളുടെ സമഗ്രവികസനത്തിനും, അതിജീവനാവശ്യങ്ങൾക്കായി ലഭ്യമായ കുടുംബശ്രീ ചലഞ്ച് ഫണ്ട് ലഭിക്കുവാനുള്ള മുഴുവൻ തുകയും കുടുംബശ്രീ മിഷനിൽ നിന്ന് ലഭ്യമാക്കി യഥാവിധി ഉപയോഗിക്കുന്നതിനും, ജില്ലാ-ബ്ലോക്ക് -ഗ്രാമപഞ്ചായത്ത് - വികസനഫണ്ട് എന്നിവ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (17/2022-23 തീയതി 5.12.2023)

മറുപടി നൽകിയിട്ടില്ല. അഗതി - ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-21 അംഗീകൃത ഗുണഭോക്തൃ ലിസ്റ്റില്ലാതെ വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ചു.

താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം ആനുകൂല്യങ്ങൾ/ധന സഹായം ലഭിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം/പേര് | വകയിരുത്തിയ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക |
|---|---|---|---|---|
| 1 | 175/23 ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ വാങ്ങലും | 200000 (വികസന ഫണ്ട്) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 199755 |
| 2 | 190/23 നീന്തൽ പരിശീലനം കുട്ടികൾ | 50000(തനത് ഫണ്ട്) | ഹെഡ്മാസ്റ്റർ | 36150 |

ക്രമ നം 1 പ്രോജക്ട് പ്രകാരം ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ് നടത്തി 13 പേർക്ക് അവർക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ ഭരണസമിതിയുടെ 2-2-2023 തീയതിയിലെ 13(3)/2023 നം തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ നം.2 പ്രകാരം ചോറോട് പഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളിലെ 3 മുതൽ 7 വരെ പഠിക്കുന്ന 30 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെയും ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് ഐ.സി.ഡി. എസ്.സൂപ്പർവൈസർക്ക് നൽകിയ എൻക്വയറിക്ക് (06/2022-23 തീയതി 1.12.2023) ഐ.സി.ഡി. എസ്.സൂപ്പർവൈസർ നൽകിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങാതിരുന്നത് തന്റെ അറിവില്ലായ്മ കാരണമാണെന്നും അടുത്ത ഗ്രാമസഭയിൽ വച്ച് ലിസ്റ്റിന് സാധൂകരണം വാങ്ങി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഹെഡ്മാസ്റ്റർ നൽകിയ മറുപടിയിൽ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെയും ഗ്രാമസഭ അംഗീകരിച്ചതിന്റെയും രേഖകൾ ഉടൻ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

മേൽ പ്രോജക്ടുകൾ പ്രകാരം ആനുകൂല്യങ്ങൾ/ധനസഹായം ലഭിച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് ലിസ്റ്റിന് സാധൂകരണം വാങ്ങി അറിയിക്കേണ്ടതാണ്.

## 1-22 ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല

ഐ.സി.ഡി,എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അനുപൂരക പോഷകാഹാരം പദ്ധതിയിൽ (9/23) ഹരിശ്രീ ഫുഡ് പ്രൊഡക്ട്സ്, വടകര എന്ന സ്ഥാപനത്തിൽ നിന്നാണ് താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്നുവെങ്കിലും സ്രോതസിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് | ന്യൂട്രിമിക്സിന് CGST,SGST (5%) | ഈടാക്കേണ്ട |
|---|---|---|

| നം/തിയ്യതി | ഉൾപ്പെടെ അനുവദിച്ച ബിൽ തുക | ജി.എസ്.ടി. |
|---|---|---|
| 172/05-4-22 | 109350 | 2187 |
| 173/10-8- 22 | 119213 | 2384 |
| 181/6-9-22 | 100994 | 2020 |
| 186/6-10-22 | 88086 | 1762 |
| 197/7-11-22 | 92389 | 1848 |
| 58/6-12-22 | 93900 | 1878 |
| 61/6-1-23 | 93900 | 1878 |
| 64/2-2-23 | 97200 | 1944 |
| 82/10-3-23 | 93909 | 1878 |
| | | 15901 |

CGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അങ്കണവാടികളിലെ പോഷകാഹാരവിതരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന 'അമൃതം ഫുഡ് വാങ്ങിയപ്പോൾ SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിലും (ചെറിയ തുകയുടെ ബില്ലുകളായിട്ടാണ് പേയ്മെന്റുകൾ നടത്തിയിരിക്കുന്നത) ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി. ടി.ഡി.എസ് ആയി ഈടാക്കണമെന്ന കാര്യം അറിവില്ലായിരുന്നുവെന്നും, ഇനി വരുന്ന ബില്ലുകളിൽ ജി.എസ്.ടി. ടി.ഡി.എസ് ആയി ഈടാക്കി മാത്രമേ തുക നൽകുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1- 23 മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായ കെട്ടിടമില്ല**

ചോറോട് ഗ്രാമപഞ്ചായത്തിൽ ആകെ 35 അങ്കണവാടികളാണുള്ളത്. ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്ന് ശേഖരിച്ച വിവരങ്ങളനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങളെപ്പറ്റിയുള്ള സംക്ഷിപ്ത വിവരം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ വിവരം | 35 |
| സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 24 |

| | |
|---|---|
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 7 |
| വാടക ഇതരം | 04 |
| സ്ഥലം ലഭ്യമായത് | 7 |
| കെട്ടിടം പണി നടക്കുന്നത് | 5 |
| സ്ഥലം ലഭിക്കാത്തത് | 4 |

അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ടു പോകാനുണ്ട്. വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അടിസ്ഥാന ആവശ്യങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് പ്രോജക്ടുകൾ തയ്യാറാക്കാത്തതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം.

അപാകതകൾ പരിഹരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 ഇ ടെണ്ടർ ഫീയിനത്തിൽ ലഭ്യമായ തുക മുഴുവനും ബാങ്ക് ചാർജ്ജിനത്തിൽ ബാങ്ക് തന്നെ ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫോറം ഫീസ് ആയി കരാറുകാർ അടക്കുന്ന തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ വടകര ബ്രാഞ്ചിലുള്ള 000000 37450247271 നമ്പർ അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാകുന്നത്. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 2021 നവംബർ മുതൽ 28/02/2023 വരെ തീയതിയിൽ 14670/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുകയും പ്രസ്തുത തുക അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ്, മിനിമം ബാലൻസ് ചാർജ്ജ് എന്നീ ഇനത്തിൽ ബാങ്ക് ഈടാക്കിയിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ അടവാക്കുന്നുള്ള തുകയായിരുന്നു. പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില ബാങ്ക് തന്നെ ഈടാക്കിയതിനാൽ 1 രൂപ പോലും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല .

പ്രസ്തുത തുക ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ഇല്ലെങ്കിൽ നടപടി സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (3/2022 – 23/ 01.12.2023 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടർ ഫീയിനത്തിൽ ലഭ്യമാവേണ്ട മുഴുവൻ തുകയും ബാങ്കിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും ആയത് തനത്ഫണ്ടിൽ അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 25.11.2023 മുതൽ 02.12.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടേയും അവയുടെ വിനിയോഗത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 762000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി വിഭാഗം) | 762000 |
| | 20500 | അതിദരിദ്രം പെട്ടിക്കട | 20500 |
| | 2400000 | ലൈഫ് ഭവനപദ്ധതി 2022-23 | 2400000 |
| | 500950 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500950 |
| | 200000 | കാലിത്തീറ്റ സബ്സിഡി | 200000 |
| | 350000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 350000 |
| | 1000000 | റോഡ് റീ ടാറിംങ് | 1000000 |
| ആകെ തുക | 5233450 | | 5233450 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി വിഭാഗം) | 300000 |
| | 660000 | ലൈഫ് ഭവനപദ്ധതി 2022-23 | 660000 |
| | 228000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 228000 |
| | 50000 | കാലിത്തീറ്റ സബ്സിഡി | 50000 |
| ആകെ തുക | 1238000 | | 1238000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| ഭൂജല വകുപ്പ് | അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം | 783660 | 783660 |
| കെ.എസ്.ഇ.ബി | 21 വാർഡുകളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 2100000 | 2100000 |
| | രമ്യ ഹോട്ടൽ മുതൽ പഞ്ചായത്ത് ഓഫീസ് വരെ സ്ട്രീറ്റ് ലൈൻ വലിക്കൽ | 13742 | 13742 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 144071 | 144071 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം: | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം /ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|

- ഇല്ല -

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന വായ്പ | 1613/DB/ 1/14/lsgd | | 3040160 | 1400000 | | 1640160 |
| കെ.യു.ആർ.ഡി. എഫ് സി | | | 2412000 | 887826 | | 1524174 |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഭാഗം. ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ. തിയ്യതി |
|---|---|---|---|---|
| 2006-07 | 3-4 | 2100 | Sasikumar | 1220101293/06.08.2022 |
| 2016-17 | 2-4 | 2250 | Risha | 1220101306/08.08.2022 |
| 2016-17 | 2-4 | 2250 | Aswani | 1220101307/08.08.2022 |
| 2015-16 | 3-3 | 78418 | ULCCS | 1220101310/08.08.2022 |
| 2016-17 | 2-4 | 1500 | Roshima | 1220101311/10.08.2022 |
| 2016-17 | 2-4 | 1500 | Binnya | 1220101312/10.08.2022 |
| 2016-17 | 2-4 | 1500 | Rashida | 1220101313/10.08.2022 |
| 1998-99 | 33 | 3000 | Ramadevi | 1220101335/11.08.2022 |
| 2012-13 | 3-13 | 1700 | Rajeevan | 1220101356/16.08.2022 |
| 2013-14 | 3-4 | 19550 | ULCCS | 1220101494/16.08.2022 |
| 2012-13 | 3-13 | 6800 | Rajeevan | 1220101434/11.10.2022 |
| 2012-13 | 3-13 | 64123 | Rajeevan | 1220101477/25.10.2022 |
| 2021-22 | | 9580 | Blossom School | 1220103083/01.12.2022 |
| 2020-21 | | 6220 | Blossom School | 1220103084/01.12.2022 |
| 2015-16 | 2-3 | 200 | Good Will Marketing | 1220106196/25.02.2023 |

| | | | | |
|---|---|---|---|---|
| 2015-16 | 2-3 | 200 | Refine Fish Oil | 1220106197/25.02.2023 |
| 2016-17 | | 32844 | 16.601 | 1220106996/20.03.2023 |
| 2012-13 | 3-5 | 948 | ULCCS | 1220100834/22.06.2022 |
| 2020-21 | 1-9 | 2592 | Sulaiman-12.481 A,B,C,D | 1220103131/03.12.2022 |
| 2012-13/13-14 | 3-17 | 105800 | ULCCS | 1220000461/ |
| 2012-13/13-14 | 3-17 | 6409 | Stephen | 1220107266/ |
| 91-92 | Para ,14 | 27 | Bhaskaran | 1220100102/18.04.2022 |
| 91-92 | Para-7 | 41 | Balan | 1220100103/18.04.2022 |
| 91-92 | Para-8 | 25 | Pokkan | 1220100104/18.04.2022 |
| 91-92 | Para-8 | 15 | Chandri | 1220100105/18.04.2022 |
| 91-92 | Para-8 | 15 | Gangadharan | 1220100106/18.04.2022 |
| 91-92 | Para-8 | 15 | Babu | 1220100107/18.04.2022 |
| 91-92 | Para 8 | 15 | Madhavi | 1220100108/18.04.2022 |
| 91-92 | Para 9 | 14 | Nanu | 1220100109/18.04.2022 |

## 4-7 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,97,23,593 |
| തൻവർഷം നിക്ഷേപിച്ച തുക | 29,77,613 |
| ആകെ | 4,27,01,206 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപം | 4,27,01,206 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030009547 | 91,04,007 |
| 2 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030009548 | 91,04,007 |

| | | | |
|---|---|---|---|
| 3 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030009549 | 91,04,007 |
| 4 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030009550 | 90,16,381 |
| 5 | ചോറോട് സർവ്വീസ് സഹകരണ ബാങ്ക് | 110030009551 | 63,72,804 |
| ആകെ | | | 4,27,01,206 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 മറ്റ് പരാമർശം | 11.4 | ചാത്താം കണ്ടി തെരു ശ്മശാനം റോഡ് | തീർപ്പാക്കാൻ അവശേ ഷിക്കുന്നു. |
| 2000-01 | | 2003-04 മറ്റ് പരാമർശം | 11.14 | മന്നത്താഴ ചെമ്മഞ്ചേരി റോഡ് | -ടി- |
| | | 2013-14 | 5.1.5.4 | പൊതു കിണറുകൾ സംരക്ഷി ക്കപ്പെടുന്നില്ല | -ടി- |
| | | 2013-14 | 5.1.5.6 | ജലസ്രോത സ്സുകളിൽ കയ്യേറ്റം | -ടി- |
| | | 2013-14 | 5.1.5.11 | കുടിവെള്ളപദ്ധതി പ്രവർത്തന രഹിതം | -ടി- |
| 2014-15 | 2-2,2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,02,06,804 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,84,56,597 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,49,323 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 25200 | ശ്രീമതി. സുനിത. പി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-13 | 494300 | ശ്രീമതി. നിഷ. എൻ. തയ്യിൽ, സെക്രട്ടറി |
| 1-14 | 278360 | ശ്രീമതി. നിഷ. എൻ. തയ്യിൽ, സെക്രട്ടറി |
| 1-15 | 50500 | ശ്രീമതി. വിനീത, വി.ഇ.ഒ |
| 1-16 | 963 | ഡോ. ഡെയ്സി ഗോരേ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 849323 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല-

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നിഷ.എൻ,<br>സെക്രട്ടറി | ചോറോട്<br>ഗ്രാമപഞ്ചായത്ത് | നിഷ.എൻ, തയ്യിൽ<br>ഇന്ദുഭം, വേട്ടുവേണി (പി.ഒ)<br>ഹരിപ്പാട്, ആലപ്പുഴ – 690 514 |
| ഡോ. ഡെയ്സി ഗോരേ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ചോറോട്<br>ഗ്രാമപഞ്ചായത്ത് | ഗുരുസുകൃതം, വെസ്റ്റ് എവന്യൂ ഹൗസിംഗ് കോംപ്ലക്സ്, വെസ്റ്റ് ഹിൽ, കോഴിക്കോട് |
| ശ്രീമതി. സുനിത. പി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | ചോറോട്<br>ഗ്രാമപഞ്ചായത്ത് | അനന്തപുരി,<br>കച്ചേരി (പി.ഒ.)- 673506 |
| ശ്രീമതി. വിനീത, വി.ഇ.ഒ | ചോറോട്<br>ഗ്രാമപഞ്ചായത്ത് | കക്കറയിൽ, മടപ്പള്ളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി5/ 1170(6)/2013 തീയതി23.08.20139(1), | 6 | 9(1),9(3), 10, 11, 12,13 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി4 /1556/2022 (11) തീ. 06.02.2023 | 2 | 3-6, 3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി4/ 1556/2022 (15) തീ. 06.02.2023 | 6 | 2-3 (2), 2-3 (3), 3-3, 3-17, 3-18, 3-22 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി4/ 1556/2022 (16) തീ. 06.02.2023 | 3 | 2-2, 2-3, 3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി4/ 1556/2022 (17) തീ. 06.02.2023 | 7 | 2-1, 2-5, 2-6, 3-1, 3-3, 3-8(3), 3-11 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി4/ 1556/2022 (18) തീ. 06.02.2023 | 10 | 1-2 (1, 2, 3), 1-3, 1-14 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി9/ 750/2021 തീ. 30.06.21 | 33 | 1-1 മുതൽ 1-22 വരെ,4-1 മുതൽ 4-11 വരെ |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി4 /991/2023 തീ. 01.06.2023 | 19 | 1-1, 1-5, 1-7, 1-8, 1-10, 1-11, 1-12, 1-14, 1-15, 1-17 മുതൽ 1-25 |

| | | | |
|---|---|---|---|
| | | | വരെ, 4-3 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി4/ 174/2023 തീ. 24.05.2023 | 25 | 1-1, 1-4, 1-6, 1-8, 1-9 മുതൽ 1-18 വരെ, 1-20 മുതൽ 1-28 വരെ, 3-1, 4-8 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.**

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1/2023 dated 30-06-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chorode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chorode Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Chorode Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Following mandatory financial statements prescribed in accounting rule are not submitted for audit.

a.Ratios.

b.Notes to accounts.

2. Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.

3.Lapses in making timely demand entries in respect of tax and non tax revenue.

4.CFC grant details do not matching with expenditure Statement and AFS

5. HUDCO LOAN details Differs from AFS and Loan bank statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചോറോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്